തളിപ്പറമ്പിലെ വഖഫ് സ്വത്തുക്കൾ സംബന്ധിച്ച്

1185 (487) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്വത്തുക്കൾ അന്യാധീനപ്പെട്ടത് സംബന്ധിച്ച് ജസ്റ്റിസ് നിസ്സാർ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) തളിപ്പറമ്പിലെ വഖഫ് സ്വത്തുക്കൾ വില്പന നടത്തുന്നതിനായി നടക്കുന്ന പ്രവർത്തനങ്ങളിലെ അവ്യക്തത സംബന്ധിച്ച് പഠിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടികളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വില്പന നടപടികൾ നിർത്തി വയ്ക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എം. എ. നിസാർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിൻമേൽ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുവാൻ 22-9-2010-ൽ വഖഫ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരാതിയിൻമേൽ നടപടി സ്വീകരിക്കുവാൻ വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ, പരിഗണനയിൽ ഇല്ല. എന്നാൽ പരാതി പരിശോധിച്ച് പരാതിക്കാരെ ബോർഡ് നേരിട്ട് കേട്ടതിനുശേഷം വിൽപ്പന അനുവദിക്കാവുന്ന താണെങ്കിൽ ലേല തീയതി, സമയം, സ്ഥലം, എന്നിവ കാണിച്ച് പ്രദേശത്ത് കൂടുതൽ പ്രചാരണത്തിലുള്ള രണ്ട് ദിനപ്പത്രങ്ങളിൽ പരസ്യം നൽകി വഖഫ് റൂൾ 94(7) പ്രകാരം പരസ്യമായി ലേലം ചെയ്ത് മാത്രമേ വസ്തു വിൽപ്പന നടത്തുകയുള്ളൂ.

മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധി

1186(488) ശ്രീ. കെ. മുഹമ്മുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ്സാ അദ്ധ്യാപകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതിന്റെ പ്രയോജനം നടത്തിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധിയുടെ ഫണ്ട് എങ്ങനെയാണ് സ്വരൂപിച്ചിരിക്കുന്നത് എന്നും ആരുടെയെല്ലാം സഹകരണത്തോടെയാണ് പദ്ധതികൾ നടത്തുന്നത് എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ക്ഷേമനിധിയിൽ ഇതിനകം എത്രപേർ അംഗങ്ങളായെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-7-2008-ന്.

(ബി) കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളാകുന്ന മദ്രസ്സാദ്ധ്യാപകർ, അവരെ നിയമിക്കുന്ന മദ്രസാകമ്മിറ്റികൾ എന്നിവരുടെ ത്രൈമാസാടിസ്ഥാനത്തിലുള്ള നിക്ഷേപം, സർക്കാർ വിഹിതമായി നിക്ഷേപിച്ചിട്ടുള്ള 10 കോടി രൂപ, അഭ്യുദയകാംക്ഷികളിൽനിന്നും സ്വീകരിക്കുന്ന സംഭാവന എന്നിവ ചേർത്താണ് ഈ പദ്ധതിയുടെ ഫണ്ട് സ്വരൂപിക്കുന്നത്. ഇന്ത്യൻ തപാൽ വകുപ്പ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നീ ഏജൻസികളുടെ സഹകരണത്തോടെ കോഴിക്കോട് ആസ്ഥാനമായ മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓഫീസ് മുഖേനയാണ് ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നത്.

(സി) പദ്ധതി ആരംഭത്തിൽ ഇരുപത് വയസ്സ് പൂർത്തിയായതും എന്നാൽ അറുപത് വയസ്സ് പൂർത്തിയായിട്ടില്ലാത്തതുമായ മദ്രസ്സ അദ്ധ്യാപകർക്ക് അംഗത്വമെടുക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പദ്ധതി പ്രാബല്യത്തിൽ വന്നതിനുശേഷം ഇരുപത് വയസ് പൂർത്തിയായതോ, പുതുതായി മദ്രസ്സ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയോ ചെയ്ത അറുപത് വയസ്സ് പൂർത്തിയാകാത്ത മദ്രസ്സ അദ്ധ്യാപകർക്കും പദ്ധതിയിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. കേരള സംസ്ഥാനത്ത് നിലവിൽ മദ്രസ്സ അദ്ധ്യാപകനായി ജോലി ചെയ്യുന്ന വ്യക്തിയായിരിക്കണം എന്നതാണ് ഈ പദ്ധതിയിൽ ചേരുന്നതിനുള്ള അടിസ്ഥാന യോഗ്യത. പെൻഷൻ നിക്ഷേപമുൾപ്പെടെ അംശദായം തിരിച്ചു നൽകൽ എന്നിവയാണ് ഇതിലൂടെ നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ. അഞ്ച് വർഷത്തിൽ കുറയാത്തകാലം നിധിയിൽ നിക്ഷേപം അടച്ച് അംഗത്വം നിലനിർത്തിയ അംഗത്തിന് 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭിക്കുന്ന പ്രതിമാസ പെൻഷന്റെ നിരക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 20 വർഷത്തിൽ കുറയാത്ത കാലം നിക്ഷേപമടച്ച് അംഗത്വം നിലനിർത്തി വരുന്ന ഒരംഗം മദ്രസ്സ അദ്ധ്യാപക പ്രവൃത്തിയിൽ നിന്ന് സ്വയം വിരമിക്കുന്ന പക്ഷം പ്രസ്തുത അംഗത്തിന് മിനിമം പെൻഷൻ തുകയായ 500 രൂപ ലഭിക്കുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പെൻഷന് അർഹതയുള്ള ഒരംഗത്തിന് പെൻഷൻ പകരം അംശദായം തിരിച്ചുനൽകൽ ആനുകൂല്യമായി അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിലെ 8-ാം കോളത്തിൽ കാണിച്ച നിരക്കിലുള്ള തുക ലഭിക്കുന്നതാണ്.

(ഡി) ഇതുവരെ 285 പേർ ക്ഷേമനിധിയിൽ അംഗങ്ങളായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly